ഭരണ ഭാഷ-മാതൃഭാഷ
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com

04712561307

<u>നടപടിക്രമം</u>

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം- ശ്രീ ഡിഫിൻ സി ആൻറണി, ശ്രീ മനോജ് പി ബി, വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ (ഇലക്ട്രിക്കൽ)- സ്ഥലം മാറ്റം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം(സി) വിഭാഗം

നം. DTETVM/2638/2024-EC1 (EC) തീയതി 01-09-2024

---

വായന :- 1. 31.07.2024 ലെ DTETVM/2638/2024-EC1 (EC) നമ്പർ ഉത്തരവ്

2. ഗവ. ടെക്നിക്കൽ ഹൈസ്കൂൾ ആയവന, എറണാകുളം സൂപ്രണ്ടിൻറെ 02.08.2024 ലെ ഇ/287/2021 നമ്പർകത്ത്

3. 02.08.2024 ലെ ശ്രീ മനോജ് പി ബി സമർപ്പിച്ച അപേക്ഷ

4. 09.08.2024 ലെ EC1/38176/19/ഡിടിഇ നംബർ ഉത്തരവ്

5. 12.08.2024 ലെ തൃശ്ശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജ്പ്രിൻസിപ്പാളിൻറെ കത്ത് നമ്പർ GECTCR/2167/2024-E2 നമ്പർ കത്ത്

6. ശ്രീ ഡിഫിൻ സി ആൻറണി സമർപ്പിച്ച 12.08.2024 ലെ അപേക്ഷ

<u>ഉത്തരവ്</u>

വായന (1) പ്രകാരമുള്ള 2024 ലെ സ്പാർക്ക് നിർമ്മിത പൊതു സ്ഥലമാറ്റ ഉത്തരവ് പ്രകാരം ഈ വകുപ്പിന് കീഴിലുള്ള ഗവ. ടെക്നിക്കൽ ഹൈസ്കൂൾ ആയവന, എറണാകുളം എന്ന സ്ഥാപനത്തിലെ ഇലക്ട്രിക്കൽ വിഭാഗം വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ ആയ ശ്രീ മനോജ് പി ബി യ്ക്ക് വണ്ണപ്പുരം ഗവ. ടെക്നിക്കൽ ഹൈസ്കൂളിലേക്ക് സ്ഥലം മാറ്റം അനുവദിച്ചിരുന്നു. എന്നാൽ പകരം ടി സ്ഥാപനത്തിലേക്ക് ആരെയും നിയമിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാനെ ടി സ്ഥാപനത്തിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ശ്രീ മനോജ് പി ബി സമർപ്പിച്ച അപേക്ഷ, വായന (2) പ്രകാരം സ്ഥാപനമേധാവി മുഖാന്തിരം ലഭ്യമായിട്ടുണ്ട്.

കൂടാതെ, വായന (4) പ്രകാരമുള്ള ഈ കാര്യാലയത്തിലെ തസ്തികമാറ്റ നിയമന ഉത്തരവ് പ്രകാരം തൃശ്ശൂർ സർക്കാർ എഞ്ചിനീയറിങ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ ശ്രീ ഡിഫിൻ സി ആൻറണിയെ മലപ്പുറം കോട്ടയ്ക്കൽ MUPS ൽ വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ ആയി തസ്തികമാറ്റ നിയമനം നല്കി ഉത്തരവായിരുന്നു. തുടർന്നു, ടിയാൻ സ്ഥാപന മാറ്റത്തിനായി സമർപ്പിച്ച അപേക്ഷ, വായന (5) പ്രകാരം സ്ഥാപനമേധാവി മുഖാന്തിരം ലഭ്യമായിട്ടുണ്ട്.

പ്രസ്തുത അപേക്ഷകളുടെ അടിസ്ഥാനത്തിൽ ശ്രീ മനോജ് പി ബി, വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ നെ എറണാകുളം, ആയവന ഗവ. ടെക്നിക്കൽ ഹൈസ്കൂളിൽ നിലനിർത്തിക്കൊണ്ടും, ശ്രീ ഡിഫിൻ സി ആൻറണിയെ ഗവ. ടെക്നിക്കൽ ഹൈസ്കൂൾ ഷൊർണ്ണൂരിലെ നിലവിലുള്ള ഒഴിവിലേക്കും നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട സ്ഥാപന മേധാവി ജീവനക്കാരനെ ഉടൻ വിടുതൽ ചെയ്യേണ്ടതും വിടുതൽ/ചേരും കാലം യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

SHALIJ P R
DIRECTOR

**Signed by Shalij P R**
**Date: 01-09-2024 20:23:20**

സ്വീകർത്താവ്

1. ബന്ധപ്പെട്ട ജീവനക്കാരൻ/ സ്ഥാപന മേധാവി (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ ഔദ്യോഗിക വെബ് സൈറ്റ് മുഖാന്തിരം)
2. ഐടി സെൽ,ഡി ടി ഇ (പ്രസിദ്ധീകരണത്തിന്)
3. കരുതൽ ഫയൽ